**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728 — 24.01.2018-ൽ മറുപടിക്ക്

# ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്രാ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) ടൂറിസം കേന്ദ്രങ്ങളെ അന്തരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കമോ; | എ) ഉണ്ട്. നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായ എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ അത്യാധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്രാ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിൽ പരിഗണിക്കുന്നതിനായി വകുപ്പിലെ എംപാനൽഡ് ആർക്കിടെക്റ്റുമാരുടെ പാനൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | ബി) ഹോട്ടലുകൾക്കുള്ള സ്റ്റാർ ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കുന്നത് കേന്ദ്ര ടൂറിസം മന്ത്രാലയം ആണ്. ഹോട്ടലുകൾക്കും, റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി ഈ വകുപ്പിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (സി) ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മിതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും പരിസ്ഥിതി സൗഹൃദവും ഉറപ്പു വരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും താഴെ പറയുന്ന പത്തിന പരിപാടികളും അജണ്ടയെയും അടിസ്ഥാനമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.<br>2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും<br>3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും<br>4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ<br>5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ<br>6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.<br>7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം. |

8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം-തിരിച്ചറിയൽ കാർഡ്.

9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽ പറഞ്ഞ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ വിനോദ സഞ്ചാര മേഖലകളിലെ മലിനീകരണം ചെറുക്കാൻ ടൂറിസം കേന്ദ്രങ്ങളിൽ താഴെപറയുന്ന ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

- ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കും
- പാരമ്പര്യേതര ഊർജ്ജ വിനിയോഗം, ശാസ്ത്രീയ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വെച്ച് പിടിപ്പിക്കൽ എന്നിവ പ്രോൽസാഹിപ്പിക്കും.
- മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ ടൂറിസം പദ്ധതിക്കും മാർഗ്ഗ നിർദ്ദേശം നൽകും. അവ പാലിക്കുന്നുണ്ടോയെന്ന് കർശനമായി നിരീക്ഷിക്കും.

സെക്ഷൻ ഓഫീസർ.